പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3665.

11.12.2018-ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.ജീവനക്കാരുടെ പ്രശ്നങ്ങൾ

*ചോദ്യം*
ശ്രീ.പി.കെ.ബഷീർ

*ഉത്തരം*
ഡോ.കെ.ടി.ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അധ്യാപക തസ്തികകളിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ പ്രമോഷനും സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലേക്ക് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.<br>എന്നാൽ 2011-12 വർഷത്തിൽ എ.ജി.യുടെ ഓഡിറ്റിൽ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് Career Advancement Scheme പ്രകാരം സീനിയർ ഗ്രേഡ്/ സെലക്ഷൻ ഗ്രേഡ് എന്നിവ നൽകിയതിൽ അപാകതകൾ ഉണ്ടെന്നു കണ്ടെത്തിയിരുന്നു. ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിലെ അഡ്മിഷനിൽ വന്ന കുറവു കാരണം ഐ.എച്ച്.ആർ.ഡി. ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇവ രണ്ടും പരിഹരിക്കുന്ന മുറയ്ക്ക് |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | അദ്ധ്യാപക ജീവനക്കാർക്ക് അർഹമായ ഗ്രേഡ് പ്രൊമോഷൻ (Career Advancement Scheme) അനുവദിച്ച് നൽകുന്നതാണ്. |
| (സി) | ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ജി.പി.എഫ്., പെൻഷൻ ഇവ സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;വെളിപ്പെടുത്തുമോ? | (സി) | ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട് (സി.പി.എഫ്) ആണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>ഐ.എച്ച്.ആർ.ഡി.യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ